(ഡി) 1999 ആയപ്പോൾ ലോക്കൽ ഫണ്ട് ഡിപ്പാർട്ടുമെന്റ് ഡയറക്ടർ ഓഫീസിൽ ഓഫീസ് സൂപ്രണ്ടിന്റെ ജോലികളിൽ കുറവ് വന്നിട്ടുണ്ടോ ;

(ഇ) എങ്കിൽ അത് സംബന്ധിച്ച വിശദ വിവരം നൽകുമോ ;

(എഫ്) 1999-ൽ പ്രസ്തുത ഓഫീസിൽ 1998-ലേതിനേക്കാൾ കൂടുതൽ സ്റ്റാഫ് ഉണ്ടായിരുന്നുവോ ?

ഉത്തരം

(എ) രണ്ട് ഓഫീസ് സൂപ്രണ്ട് തസ്തിക ഉണ്ടായിരുന്നു.

(ബി) പരിശോധിച്ച് വരുന്നു.

(സി) ഓഫീസ് സൂപ്രണ്ട് ശ്രീമതി ടി. എ. സരോജിനി സ്വന്തം ജില്ലയായ തൃശ്ശൂരിൽ ജോലി ചെയ്യുവാൻ അവസരമുണ്ടാകുന്നതിനായി ഓഫീസ് സൂപ്രണ്ട് തസ്തിക ഷിഫ്റ്റ് ചെയ്ത് സ്ഥലമാറ്റം നൽകണമെന്ന് നൽകിയ അപേക്ഷയിൻമേൽ ഡയറക്ടറുടെ അഭിപ്രായം ആരായുകയും അതിന് മറുപടിയായി അപേക്ഷ അനുഭാവപൂർവം പരിഗണിക്കാവുന്നതാണെന്ന് ഡയറക്ടർ അറിയിക്കുകയും ചെയ്തിരുന്നു.

(ഡി) കുറവ് വന്നിട്ടില്ല.

(ഇ) ഉത്തരം 'ഡി' യുടെ വെളിച്ചത്തിൽ ബാധകമല്ല.

(എഫ്) ഉണ്ട്.

ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചാർജ്-സർചാർജ് ഇവ ഈടാക്കുന്ന നടപടി

7 (1062) ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ച് ചാർജ്-സർചാർജ്ജ് നടപടിക്രമങ്ങളിലൂടെ ഉത്തരവാദികളായവരിൽ നിന്നും എന്തു തുക വീതം ഓരോ വർഷവും ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) തുക ഒന്നും ഇതുവരെ ഈടാക്കിയിട്ടില്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ ;

(സി) നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ചാർജ്-സർചാർജ്ജ് ഇനത്തിൽ ബന്ധപ്പെട്ടവർക്ക് എന്ന് മുതലാണ് നോട്ടീസ് അയച്ചു തുടങ്ങിയത് ;

(ഡി) ഏത് വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് നോട്ടീസ് അയച്ചതെന്ന് വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ചാർജ്-സർചാർജ്ജ് ഈടാക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് പറയുമോ ;

(എഫ്) നിയമ വിധേയമല്ലാത്ത ചെലവുകളെ സംബന്ധിച്ചിടത്തോളം ചെലവ് ചെയ്ത തീയതി മുതൽ എത്ര കാലത്തിനുള്ളിലാണ് ചാർജ്-സർചാർജ്ജ് ഈടാക്കേണ്ടത് ;

(ജി) നടപടി ക്രമങ്ങളിലൂടെ ചെലവ് ചെയ്ത തുക ഈടാക്കാനാവാതെ വന്നാൽ അതിനുള്ള ഉത്തരവാദിത്വം ആർക്കാണെന്നും അക്കാര്യത്തിൽ ഉത്തരവാദപ്പെട്ടവർക്കെതിരെ എന്ത് നടപടികളാണ് സ്വീകരിക്കുന്നതെന്നും അറിയിക്കുമോ ?

ഉത്തരം

(എ) തുക ഒന്നും തന്നെ ഈടാക്കിയില്ല.

(ബി) പുറപ്പെടുവിച്ച ചാർജ്/സർചാർജ്ജ് നോട്ടീസുകളുടെ തുടർ നടപടികൾ പൂർത്തീകരിക്കാത്തതിനാലാണ്.

(സി) ഉണ്ട്. 9/99 മുതൽ ചാർജ്/സർചാർജ്ജ് നോട്ടീസുകൾ അയച്ചു തുടങ്ങി.

(ഡി) 1996-97 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലാണ് നോട്ടീസുകൾ അയയ്ക്കുന്നത്.

(ഇ) ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റ് 1994-ന്റെ സെക്ഷൻ 16 സബ് സെക്ഷൻ 1 പ്രകാരമാണ് ചാർജ്/സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നത്.

(എഫ്) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 (സെക്ഷൻ 215) കേരള മുനിസിപ്പാലിറ്റി ആക്ട് 1994 (സെക്ഷൻ 295) എന്നിവ അനുസരിച്ച് ചെലവ് ചെയ്ത തീയതി മുതൽ നാല് വർഷത്തിന് ശേഷം സർചാർജ് ചെയ്യാൻ പാടില്ല എന്ന് അനുശാസിക്കുന്നു.

(ജി) ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് സെക്ഷൻ 16 അനുസരിച്ച് സർചാർജ് നടപടി ക്രമങ്ങൾകൊണ്ട് നഷ്ടം ഈടാക്കാൻ കഴിയാതെ വന്നാൽ പ്രസ്തുത നഷ്ടം റവന്യൂ റിക്കവറി വഴി ഈടാക്കാൻ വ്യവസ്ഥയുണ്ട്.

പി.എസ്.സി. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ടൈപ്പിസ്റ്റ്/സി.എ. വിഭാഗങ്ങൾക്ക് ആനുകൂല്യം

8 (1063) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെക്രട്ടേറിയറ്റ്, പി.എസ്.സി., ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് എന്നീ ഓഫീസുകളിലേയ്ക്കുള്ള ടൈപ്പിസ്റ്റ്/സി.എ. നിയമനം നടത്തുന്നത് ഒരേ റാങ്ക് ലിസ്റ്റിൽ നിന്നാണോ ;

LIBRARY ARCHIVES Kerala Legislative Assembly